CAPUCHINS

ST. JOSEPH PROVINCE




ഈ അപ്പത്തോളം ചെറുതായതിനാലല്ലേ നീ കുർബാനയോളം വളർന്നത്. എങ്കിലെന്നയും ഈ അപ്പത്തോളം ചെറുതാക്കിയിട്ട് കുർബാനയോളം വലുതാക്കണമേ.

# തിരുപ്പിറവിയുടെ വഴി
## ക്രിസ്തുമസ്സ് ധ്യാന പ്രാർത്ഥനകൾ




കൂടുതൽ കോപ്പികൾക്ക് :
അമല കപ്പൂച്ചിൻ ആശ്രമം,
തൊപ്രാംകുടി, ഇടുക്കി.
or email –
jvcapuchin@gmail.com













# ആമുഖ സന്ദേശം



ഹൃദയങ്ങളെ നവീകരിക്കുന്നവനാണ് ദൈവം. അതു വഴി ദൈവം ലോകത്തെ നവീകരിക്കുന്നു. പുതുവർഷം നവീകരണത്തിനായ് നമ്മെ ക്ഷണിക്കുന്നു. നാം പ്രതീക്ഷിക്കാത്ത സമയത്ത് ദൈവം നമ്മുടെ ജീവിതത്തിൽ ഇടപെടുന്നു. ബേത്സഥാ കുളത്തിന്റെ തീരത്ത് മൂന്നര പതിറ്റാണ്ടിലധികമായി തളർന്നുകിടന്ന മനുഷ്യനെ കർത്താവ് സുഖപ്പെടുത്തി. ബധിരനും മൂകനും അന്ധനും തളർവാതരോഗിയുമെല്ലാം അവർ പ്രതീക്ഷിക്കാത്ത സമയത്ത് യേശുവിൽ നിന്നും സൗഖ്യം പ്രാപിച്ചു.

ഈ പുതിയ വർഷത്തിൽ നമ്മുടെ ശാരീരിക രോഗങ്ങളും അസ്വസ്ഥതകളും കർത്താവിന് സമർപ്പിച്ച് സൗഖ്യം നേടാം. മനസ്സിലെ സ്വപ്നങ്ങൾ തളർന്നവനെ കർത്താവ് പുതിയ സൃഷ്ടിയാക്കുന്നുണ്ട്. മകൻ മരിച്ച നായിമിലെ വിധവ സ്വപ്നങ്ങൾ നഷ്ടപ്പെട്ടവളായിരുന്നു. മകന് പുതുജീവൻ കൊടുത്ത് അവളുടെ സ്വപ്നങ്ങളെ പുതുക്കികൊടുത്തു. പുത്രന്റെ സൗഖ്യത്തിനു വേണ്ടി പ്രാർത്ഥിച്ച ശതാധിപൻ മനസ്സു തളർന്നവനായിരുന്നു. യേശു അത്ഭുതം പ്രവർത്തിച്ചുകൊണ്ട് ശതാധിപനെ ധൈര്യപ്പെടുത്തി. ലാസറിന്റെ മരണത്തിൽ മനസ്സു തളർന്ന മറിയത്തെയും മർത്തയെയും, അവനെ ഉയിർപ്പിച്ച് ശക്തിപ്പെടുത്തി. മനസ്സിന്റെ ബലം നഷ്ടപ്പെട്ട് നിരാശയിലാണ്ടവർക്ക് അവിടുന്ന് പുതുജീവിതം നൽകി അനുഗ്രഹിച്ചു. പാപത്തിന്റെ ചങ്ങലയാൽ ബന്ധിതരായവരെ അവിടുന്നു നവീകരിച്ചു. അന്യായമായി സമ്പാദിച്ചതിന്റെ നാലിരട്ടി പങ്കുവപ്പിച്ചുകൊണ്ടാണ് സക്കേവൂസിനെ വീണ്ടെടുത്തത്. അകന്നുപോയ ദൂരം തിരിച്ചുനടത്തി ധൂർത്തപുത്രനെ അവിടുന്നു വീണ്ടെടുത്തു. സുഗന്ധദ്രവ്യത്തിന്റെ പാത്രംപോലും തകർത്ത് പാപിനിയായ സ്ത്രീ ക്രിസ്തുവിലേയ്ക്ക് വരുന്നു. ഒരു പിടി സമ്പാദ്യങ്ങളുടെ നടുവിൽ ദുഃഖിതനായി തിരിച്ചുനടന്ന യുവാവിനെയും പങ്കുവയ്ക്കലിന്റെ പാഠങ്ങളിലേയ്ക്ക് യേശു തിരിച്ചുനടത്തി. സമരിയാക്കാരി സ്ത്രീയ്ക്ക് ആത്മാവിൽ അവബോധം നൽകി യേശു നവീകരിച്ചു. നിക്കദേമൂസിന് ഉൾക്കാഴ്ച നല്കി നവീകരിച്ചു. എമ്മാവൂസ് ശിഷ്യൻമാരെ തിരിച്ചു നടത്തി നവീകരിച്ചു. മഗ്ദലനാ മറിയത്തിന് വചനത്തിന്റെ ശക്തിയാൽ തിരിച്ചറിവ് നല്കുന്നു. യേശുവുമായി ബന്ധപ്പെട്ടവരെല്ലാം നവീകരിക്കപ്പെട്ടു.

2020 എന്ന പുതുവർഷത്തിലേയ്ക്ക് നമ്മൾ പ്രവേശിക്കുമ്പോൾ നമ്മുടെ ജീവിതത്തെ നവീകരിക്കാം. നമ്മുടെ ഉള്ളവും നമുക്കുള്ളതും ദൈവതിരുമുമ്പാകെ സമർപ്പിക്കാം. സമ്പൂർണ്ണ വിമോചകനായി

അവിടുന്നു കടന്നു വരുന്നു. സകല ജനതകൾക്കുമുള്ള രക്ഷയുടെ സദ്വാർത്ത കർത്താവ് നമുക്കായി നല്കുന്നു. നവവത്സരത്തിൽ സമ്പൂർണ്ണ വിടുതലിന്റെ അനുഭവവുമായി നമുക്ക് യാത്ര തുടരാം. കഴിഞ്ഞകാലങ്ങളിൽ വന്നുപോയ തകർച്ചകളെക്കുറിച്ച് അനുതപിച്ച് കർത്താവിൽ മിഴികളുറപ്പിച്ച് നമുക്കു മുന്നേറാം. നവവത്സരമംഗള ങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു.

ജോസഫ് പുത്തൻപുരയ്ക്കൽ കപ്പൂച്ചിൻ,
(പ്രൊവിൻഷ്യൽ, സെന്റ് ജോസഫ് പ്രൊവിൻസ്, കോട്ടയം)

# ആശംസകൾ

**എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കുന്നതിനുവേണ്ടി, തൻെറ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു. ദൈവം തൻെറ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ ശിക്ഷയ്ക്കു വിധിക്കാനല്ല, പ്രത്യുത, അവൻ വഴി ലോകം രക്ഷപ്രാപിക്കാനാണ്.**
**യോഹ. 3:16 – 17**

ഏവർക്കും ക്രിസ്തുമസ്സ് – പുതുവത്സരാശംസകൾ



# പപ്പുവ ന്യൂ ഗുനിയയിലെ വലിയ മിഷനറി

"ഇല്ലായ്മയിൽ ദൈവത്തിന്റെ പരിപാലനയിൽ മാത്രം ആശ്രയിച്ച് മുന്നോട്ടുപോയ കുറേ വർഷങ്ങൾ. ഒരു മിഷനറിയായി ത്തന്നെ ജീവിക്കാനാണ് ആഗ്രഹം. ഇന്നേവരെ ദൈവം ഒരു കുറവും വരുത്തിയിട്ടില്ല." അഞ്ചു വർഷക്കാലം പപ്പുവ ന്യൂ ഗുനിയ എന്ന രാജ്യത്ത് സേവനം ചെയ്തിരുന്ന ഫാ. ജോസഫ് വേലിപ്പറമ്പിലിന്റെ വാക്കുകളാണിവ. ദൈവപരിപാലനയിൽ കടന്നുപോയ വർഷങ്ങളും പപ്പുവ ന്യൂ ഗുനിയയിലെ വിശേഷങ്ങളുമായി സി. സൗമ്യ ഡി. എസ്. എച്ച്. ജെ. പറഞ്ഞുതരുന്നു ഈ വൈദികനെപ്പറ്റി.

## ആടുകളെ തേടിയെത്തിയ ഇടയൻമാർ

മോണ്ടി രൂപതയിൽ സെന്റ് ഫെലിക്സ് പാങ്കിയ എന്ന ദേവാലയത്തിലാണ് ഈ വൈദികൻ സേവനമനുഷ്ഠിക്കുന്നത്. പപ്പുവ ന്യൂ ഗുനിയയിൽ കത്തോലിക്കാ സഭയുടെ വിശ്വാസപാരമ്പര്യത്തിന് വെറും നൂറു വർഷത്തെ പഴക്കമേയുള്ളു. എങ്കിലും ഈ വിശ്വാസജ്വാല അണയാതെ കാത്തുസൂക്ഷിക്കുവാൻ മിഷനറിമാർ വഹിക്കുന്ന പങ്ക് ഒട്ടും ചെറുതല്ല. പ്രധാനപള്ളിയോടു ചേർന്ന് 17 ചെറിയ പള്ളികളുമുണ്ട്. കുന്നുകളും മലകളും നിറഞ്ഞ ഈ പ്രദേശത്ത് വാഹന സൗകര്യം വളരെ കുറവാണ്. അതിനാൽത്തന്നെ കിലോമീറ്ററുകൾ നടന്നാണ് കുർബാനയർപ്പിക്കുവാൻ ഓരോ സ്റ്റേഷൻ പള്ളികളിലും മാറി മാറി പോകുന്നത്. ഓരോ പള്ളികളിലും ഒരു വർഷം മൂന്നോ നാലോ പ്രാവശ്യം എത്തിച്ചേരാനേ വൈദികരുടെ കുറവു മൂലം സാധിക്കുന്നുള്ളൂ. ഗ്രാമത്തിലെ സ്റ്റേഷൻ പള്ളികളിൽ വിശുദ്ധ കുർബാനയർപ്പിക്കുവാൻ വൈദികൻ തലേ ദിവസം തന്നെയെത്തും. ആളുകളുടെ വീട്ടിൽ താമസിക്കും. അച്ചൻ വന്നെന്നറിയുമ്പോൾ എല്ലാവരും ഒരുമിച്ചുകൂടി വിശുദ്ധ കുമ്പസാരമോ അല്ലെങ്കിൽ വിശുദ്ധ കുർബാനയുടെ പരിശീലനമോ നടത്തും. ഇവിടെ വിവിധ ക്രൈസ്തവവിഭാഗത്തിൽപ്പെട്ടവരുണ്ട്.



## പ്രകൃതിയോട് ഇണങ്ങിച്ചേർന്ന ജീവിതശൈലി

വളരെ വളക്കൂറുള്ള മണ്ണിൽ സ്ത്രീകളാണ് കൃഷിയിറക്കുന്നത്. പുരുഷൻമാരുടെ പ്രധാനജോലി കാട്ടിൽപ്പോയി തടി ശേഖരിക്കുകയാണ്. പന്നികൾ സ്വന്തമായുള്ളത് ഇവരുടെ വലിയ സമ്പത്താണ്. സ്വയം കൃഷിചെയ്ത പച്ചക്കറികളും ഇലകളുമാണ് ഇവരുടെ പ്രധാന ഭക്ഷണം.



## വ്യത്യസ്തമായ ആചാര രീതികൾ

അനേകം അന്ധവിശ്വാസങ്ങൾ നിലവിലുള്ള ഇവരുടെയിടയിൽ ചില രീതികൾ വളരെ പ്രാകൃതമാണ്. അതിൽ ഒന്നാണ് 'സങ്കുമ' ആരോപണം. സമൂഹത്തിലുണ്ടാകുന്ന അനർത്ഥങ്ങൾ ഏതെങ്കിലും ഒരു വ്യക്തിയിൽ ആരോപിക്കുന്നതാണ് സങ്കുമ. സങ്കുമ ആരോപിക്കപ്പെട്ടു കഴിഞ്ഞാൽ അവരെ വളരെയേറെ ദ്രോഹിച്ച് ക്രൂരമായി കൊലപ്പെടുത്തും. ഗോത്രങ്ങൾ തമ്മിലുള്ള ആക്രമങ്ങളും ഇവരുടെയിടയിൽ പതിവാണ്. പരസ്പരം കൊലചെയ്യാൻപോലും ഒരു മടിയും കാണിക്കാത്തവരാണ് ഇക്കൂട്ടർ. വിദ്യാഭ്യാസത്തിലൂടെ ഉയർന്ന ജോലി സമ്പാദിക്കണമെന്ന് ലക്ഷ്യമൊന്നും ഇവർക്കില്ല. പതിനഞ്ചു വയസ്സാകുമ്പോൾതന്നെ പെൺകുട്ടികൾ ഏതെങ്കിലും പുരുഷനെ കണ്ടെത്തി ഒന്നിച്ച് താമസം തുടങ്ങിയിരിക്കും. ധാർമ്മികമായ അറിവ് കുറവാണിവർക്ക്. അതിനാൽ ഒരാളെയുപേക്ഷിച്ച് അടുത്തയാളുടെ കൂടെ ജീവിക്കുന്നത് സാധാരണമാണ്. വിവാഹംകഴിക്കുന്ന പുരുഷൻ സ്ത്രീയ്ക്ക് വിവാഹത്തിനുള്ള ഉറപ്പായി നല്കുന്നത് പന്നി

കളെയാണ്. മിഷനറിമാർ വന്നതിനുശേഷം പള്ളിയിൽ വച്ചു നടത്തുന്ന വിവാഹത്തെക്കുറിച്ച് ഇവരെ ബോധവാൻമാരാക്കുന്നു.

ദൈവപരിപാലന അനുഭവിച്ചറിഞ്ഞ മിഷനറി

ഈ കപ്പൂച്ചിൻ പാപ്പുവാ ന്യൂ ഗുനിയിലെ ജീവിതത്തിലൂടെ തന്റെ ദൈവപരിപാലനയെ അനുഭവിച്ചറിയുകയായിരുന്നു. ''പൊതുവേ വലിയ ആരോഗ്യമുള്ളയാളല്ല ഞാൻ. എങ്കിലും ദൈവം സഹായിച്ച് ഒരസുഖവും വന്നിട്ടില്ല. മലേറിയ ഇവിടെ മിക്കവർക്കും ഉണ്ടാകാറുണ്ട്. ദൈവം എന്നെ എല്ലാറ്റിൽനിന്നും പ്രത്യേകമായ വിധത്തിൽ സംരക്ഷിച്ചു,'' ജോസഫച്ചൻ പറയുന്നു. സ്വന്തക്കാരിൽനിന്നും ബന്ധു



ക്കാരിൽനിന്നും അകന്നുമാറി ജീവിക്കുന്ന മിഷനറി അനുഭവത്തെ അച്ചൻ ഒരുപാട് സ്നേഹിക്കുന്നു. കാരണം ഏൽപ്പിക്കപ്പെട്ടിരിക്കുന്ന കാര്യങ്ങൾക്ക് ഒരു കുറവും അതുമൂലം സംഭവിക്കരുതല്ലോ. ഒന്നുമില്ലാത്തിടത്ത് ദൈവത്തിന്റെ പരിപാലന ദർശിക്കുവാൻ സാധിക്കുന്നുവെന്ന് ഈ അച്ചൻ തന്റെ അനുഭവത്തിലൂടെ സാക്ഷ്യപ്പെടുത്തുന്നു.

തീക്ഷ്ണതയിൽ മാന്ദ്യംകൂടാതെ ആത്മാവിൽ ജ്വലിച്ചുകൊണ്ട് പുതിയ മിഷൻ സ്ഥലങ്ങളിലേയ്ക്ക് പോകുവാൻ തയ്യാറെടുത്തുകൊണ്ടിരിക്കുകയാണ് കർത്താവിന്റെ ഈ വലിയ മിഷനറി. ലോകത്തിൽ ക്രിസ്തുവിനെ അറിയാത്തവർക്ക് ക്രിസ്തുവാകുന്ന പ്രകാശത്തെ പകരുവാനുള്ള അദ്ദേഹത്തിന്റെ പരിശ്രമങ്ങൾക്ക് ദൈവം കൂടെയുണ്ടാകട്ടെ. അതിനായ് നമുക്കും പ്രാർത്ഥിക്കാം.

കൂടുതലറിയാൻ: https://www.lifeday.in/lifeday-mission-experience-in-pappua-new-gunia/ (28.12.'19)

# ദൈവത്തെ വിൽക്കുന്നവർ

ഒരിക്കൽ ക്രിസ്ത്യാനിയായ ഒരു മനുഷ്യൻ, ഇസ്രായേലിലെ ജെറുസലേം പട്ടണത്തിലുള്ള തന്റെ ജോലി സ്ഥലത്തിന്നടുത്തേക്ക് താമസം മാറ്റി. മിക്ക ദിവസങ്ങളിലും അയാൾ ജോലിക്ക് പോയിരുന്നത് ബസ്സിലായിരുന്നു. ഓഫീസിൽ നിന്നും നിശ്ചിത സമയത്ത് ഇറങ്ങുന്നത് കൊണ്ട് സ്ഥിരമായി ഒരേ ബസും ജോലിക്കാരെയുമായിരുന്നു അയാൾക്കു ലഭിച്ചിരുന്നത്.

ഒരിക്കൽ പണം കൊടുത്ത് ടിക്കറ്റെടുത്ത് സീറ്റിൽ വന്നിരുന്നപ്പോഴാണ് അര ഷെക്കേൽ കൂടുതൽ ബാക്കി ലഭിച്ചതായി അയാളുടെ ശ്രദ്ധയിൽപ്പെടുന്നത്. തന്റേതല്ലാത്ത പണം തിരിച്ച് നല്കുന്നതിനെ പറ്റി അയാൾ ചിന്തിച്ചു. ഇടക്ക് അയാളുടെ മനസ്സ് ഇങ്ങിനെ മന്ത്രിച്ചു, 'വളരെ ചെറിയ ഒരു തുക... ഇത് തിരിച്ച് നല്കുന്നത് തന്നെ നാണക്കേടാണ്. ഒരു പക്ഷേ യാത്രക്കാർക്ക് ബാക്കിനല്കാതെ ഇതിനെക്കാൾവലിയതുക അയാളുടെ കയ്യിലുണ്ടാകും അയാൾക്ക് ഒരു നഷ്ടവും ഈ ചെറിയ തുകകൊണ്ട് സംഭവിക്കാൻ പോകുന്നില്ല. ഇത് കയ്യിൽ വെച്ചാൽ പണം ആവശ്യമുള്ള മറ്റാർക്കെങ്കിലും നല്കാം.''




ഇങ്ങിനെയൊക്കെ അയാൾ ചിന്തിച്ചെങ്കിലും അയാൾക്കിറങ്ങേണ്ട സ്റ്റോപ്പിൽ ബസ് നിറുത്തിയപ്പോൾ ഡ്രൈവറുടെ കയ്യിൽ അര ഷെക്കേൽ വെച്ച് കൊടുത്തു അദ്ദേഹം ഇങ്ങിനെ പറഞ്ഞു: ''ഇത് എനിക്ക് അർഹിക്കപ്പെടാത്ത പണമാണ്. ചില്ലറ തരുന്ന സമയത്ത് താങ്കൾ എനിക്ക് കൂടുതൽ തന്നതാണ്.''

പണം കയ്യിൽ വാങ്ങി ഡ്രൈവർ ഇങ്ങനെ ചോദിച്ചു: ''ഈ പ്രദേശത്ത് അടുത്തിടക്ക് താമസമാക്കിയ ഒരു ക്രിസ്ത്യാനിയാണ് താങ്കളല്ലെ? കുറെയായി ക്രിസ്തുവിനെപ്പറ്റി അറിയാൻ ഏതെങ്കിലും ദൈവാലയത്തിൽ പോകണമെന്ന് ഞാൻ തീരുമാനിച്ചിരിക്കയായിരുന്നു. താങ്കളെങ്ങനെ പ്രതികരിക്കും എന്നറിയാൻ ബോധപൂർവ്വം ഞാൻ അര ഷെക്കേൽ കൂടുതൽ തന്നതാണ്.''

ബസ്സിൽ നിന്നിറങ്ങിയപ്പോൾ അയാളുടെ കാലുകൾ തളരുന്നുവോ എന്ന് അയാൾക്ക് തോന്നി. വീണ് പോകുമോ എന്ന്

ഭയപ്പെട്ടപ്പോൾ അയാൾ ഒരു തെരുവ് വിളക്കിന്റെ കാലിൽ പിടിച്ച് നിന്നു. ആകാശത്തേക്ക് നോക്കി വിതുമ്പുന്ന ചുണ്ടിൽ അയാൾ പ്രാർത്ഥിച്ചു: ''കർത്താവായ ദൈവമേ നീ എന്നെ കാത്തില്ലായിരുന്നെങ്കിൽ അര ഷെക്കേലിന് ഞാൻ നിന്നെ വിൽക്കുമായിരുന്നു.''

# ഹാപ്പി ക്രിസ്തുമസ്സ് !!!



ഈ ഭൂമിയിൽ ആദ്യമായി പുൽകൂട് (ക്രിബ്) ഉപയോഗിച്ച് ക്രിസ്തുമസ് ആഘോഷിച്ചത് ഫ്രാൻസ്സീസാണ്. അദ്ദേഹം ഈശോയുടെ ജനനം കുറച്ചുകൂടി ശ്രേഷ്ഠമായി കൊണ്ടാടണം എന്നു മനസ്സിൽ കരുതി. ഗ്രേച്ചിയോ ഗ്രാമത്തിലൂടെ കടന്നുപോകുമ്പോഴാണ് അതിനുള്ള ഒരുക്കങ്ങൾ നടത്തിയത്. പുൽക്കൂടും, കഴുതയും ആടുമാടുകളും, മാതാവും യൗസേപ്പിതാവും എല്ലാം വി. ഫ്രാൻസ്സീസ് ഒരുക്കി. ആ ഗ്രാമവാസികൾക്ക് ഇതെല്ലാം ആദ്യം ഭ്രാന്തായിത്തോന്നി. പക്ഷേ ചരിത്രം പറയുന്നു, ആ ഗ്രാമവാസികളെല്ലാം പിന്നീട് ദൈവസ്നേഹംകൊണ്ട് നിറഞ്ഞു ആനന്ദാശ്രുക്കൾ പൊഴിച്ചു നിന്നുവെന്ന്.

# ഭൂമുഖത്തെ പുതുതാക്കണമേ...



"അങ്ങ് ജീവശ്വാസമയയ്ക്കുമ്പോൾ അവ
സൃഷ്ടിക്കപ്പെടുന്നു; അങ്ങു ഭൂമുഖം
നവീകരിക്കുന്നു" (സങ്കീ. 104:30).

====================

പ്രകൃതിയുടെ മദ്ധ്യസ്ഥനായ വി. ഫ്രാൻസ്സീസേ ഞങ്ങ
ളുടെ പ്രപഞ്ചത്തെ വിശുദ്ധീകരിക്കാൻ ഈ പുതുവർ
ഷമായ 2020ൽ ഞങ്ങളെ സഹായിക്കണമേ.

# മാന്ദ്യം

കുറെയേറെ ആളുകൾ കേരളത്തിൽ ഉള്ള മാന്ദ്യം എന്ന് മാറും, എന്ത് ബിസിനസ് ഇട്ടാൽ രക്ഷപെടാൻ പറ്റുമെന്നൊക്കെ നിരന്തരം ചിന്തിക്കുന്നു. ഈ തലമുറയിൽ ഇനി പഴയ ഉയരങ്ങളിൽ എത്താൻ വളരെ പ്രയാസമാണ്.

ഒന്നാമതായി എല്ലാവരും മനസിലാക്കണം ഇപ്പോൾ നമ്മൾ കടന്ന് പോകുന്ന മാന്ദ്യം cyclical അല്ല, മറിച്ചു് structural ആണ്. കുറച്ചുകൂടി ലളിതമായി പറഞ്ഞാൽ പാലം വരുമ്പോൾ കടത്തു തോണി നിന്നുപോയി തോണിക്കാരന്റെ തൊഴിൽ എന്നെന്നേക്കുമായി പോകുന്നതുപോലെ. ഒന്നാമത് കേരളം ഒരു high cost economy ആണ്. അത് കൊണ്ട് ആഗോളവൽക്കരണകാലത്ത് മൂലധനം ഇങ്ങോട്ട് വരില്ല. ഇവിടെയുള്ള മൂലധനം പുറത്തേക്കു പോവുകയും ചെയ്യും. യൂറോപ്പിൽ നിന്നും അമേരിക്കയിൽ നിന്നും മൂലധനം ചൈനയിലേക്ക് പോയതു പോലെ. വലിയ വിപത്തായ മൂന്ന് L എന്നതിൽ കേരളം കുടുങ്ങി. Liquor, Leverage and Land. ഇത് ലോകത്തിലെ ഏറ്റവും വലിയ clinical disruptor ആണ്. തലമുറകൾ കുത്ത് പാള എടുത്താലെ അവയുണ്ടാക്കുന്ന ഡാമേജ് മാറൂ.



ഒന്നൊന്നായി എടുത്ത് പറയാം.

Liquor എന്നത് ഒരു unproductive spending ആണ്. വാങ്ങി അടിക്കുന്നവർ രോഗിയാകും. മാഫിയ നന്നാകും. സർക്കാരിന് കിട്ടുന്ന നികുതി താത്കാലികമാണ്. അതിലേറെ മറ്റു വഴികളിൽ നഷ്ടമാകും.

Leverage എന്ന് വെച്ചാൽ കടം വാങ്ങൽ. കടം എടുക്കുമ്പോൾ ഭാവിയിലെ വരുമാനം ആണ് ലോക്ക് ചെയ്തു റീപേയ് ചെയ്യുന്നത്. ഭാവിയേ ഇല്ലെങ്കിൽ വരുമാനം എവിടെ തിരിച്ചടക്കാൻ? കേരളത്തിൽ നാം സർക്കാർ അടക്കം കടം വാങ്ങി unsustainable ആയി luxurious ലൈഫ് തുടരുന്നു. നമുക്ക് afford ചെയ്യാൻ വയ്യാത്ത ചെലവഴിക്കുന്ന ശീലം, വിദ്യാഭ്യാസം, വീടുകൾ, കാറുകൾ ഒക്കെ കടം വാങ്ങി നടത്തിക്കൊണ്ടു പോകുന്നു. മെറിറ്റ് നോക്കാതെ കുറച്ച് എൻജിനീയർ, ഡോക്ടർ ഒക്കെ വിരിഞ്ഞിറങ്ങുന്ന അവസ്ഥ. എല്ലാ ഇക്കണോമിസ്റ്റുകളും ഭയക്കുന്ന high student indebtedness ഉണ്ടാകുന്നു. വികലമായ വിദ്യാഭ്യാസ നയം മൂലം ചുക്കിനും ചുണ്ണാമ്പിനും

കൊള്ളാത്ത കുറേ സ്വാശ്രയ കോളേജുകളിൽ എണ്ണം തികയ്ക്കാൻ എഡ്യുക്കേഷൻ ലോൺ കൊടുത്തു വിദ്യാഭ്യാസ കച്ചവടക്കാരെ പോറ്റുന്നു. ഇങ്ങനെ ഓവർ സപ്ലൈ മൂലം ആർക്കും നല്ല വേതനം പോലുമില്ലാത്ത സ്ഥിതി.

അടുത്ത L ആണ് ലാൻഡ്. ഭൂമി എന്നത് സ്റ്റോർ ഓഫ് വാല്യൂ ആണ്. എന്ന് വെച്ചാൽ സർപ്ലസ് നിക്ഷേപം നടത്തി സമ്പത്ത് സൂക്ഷിച്ചു വെയ്ക്കുന്ന കുടുക്ക. ഒരു കുടുക്കയിൽ നമ്മൾ ഡെയിലി നിക്ഷേപിച്ചിട്ട് ആവശ്യം വരുമ്പോൾ കുടുക്ക പൊട്ടിച്ച് എണ്ണുമ്പോൾ നിക്ഷേപിച്ച തുക എങ്കിലും ഉണ്ടാകേണ്ടേ. കേരളത്തിൽ കൃഷിഭൂമിയെടുത്തു ഊഹകച്ചവടം നടത്തി ഗൾഫിൽ നിന്നും യൂറോപ്പ്, അമേരിക്ക എന്നിവടങ്ങളിൽ നിന്നും ഭൂമിയാകുന്ന കുടുക്കയിൽ നിക്ഷേപിച്ചു. ഇപ്പോൾ കുടുക്ക പൊട്ടിച്ചാൽ ഇട്ടതിന്റെ പകുതി മാത്രം എന്ന അവസ്ഥ നേരിടുന്നു. എന്ന് വെച്ചാൽ സമ്പാദ്യം പാതിയായി.



കേരളത്തിൽ 70 കളിൽ റബർ, മറ്റു കാർഷിക ഉത്പന്നങ്ങൾ എന്നിവ, 80 കളിൽ ഗൾഫ്, 90 കളിൽ നേഴ്സിങ്, 2000 ആണ്ടിൽ കാനഡ, അമേരിക്ക, യൂറോപ്പ് കുടിയേറിയവർ സമ്പത് ഘടനയിൽ കേരളത്തിലേക്ക് സമ്പത്ത് കൊണ്ടുവന്നു. 2010 ന് ശേഷം നിശ്ചലമായ, നിർജീവമായ അവസ്ഥ ഉണ്ട്.

ഇനി മുന്നോട്ട് എങ്ങനെ എന്ന് ഒരെത്തും പിടിയും ഇല്ല. AI (Artificial Intelligence) മൂലം കേരളത്തിലെ പ്രധാന കയറ്റുമതിയായ human resource ഇനി അധികം ആർക്കും ആവശ്യമില്ല. പുതിയ എന്തെങ്കിലും മേഖല ഉരുത്തിരിഞ്ഞു വരുന്നത് വരെയും കേരളം മരവിച്ചു നില്കും.

കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ

ഈ ലേഖനം വായിച്ചിട്ട് താഴെക്കാണുന്ന വചനങ്ങളും ദയവായി എടുത്ത് വായിക്കാമോ? വളരെ പതുക്കെയാവും നാം തിരിച്ചറിയുക... മാന്ദ്യം സമ്പത്തിന്റെയല്ല, പകരം വിശ്വാസജീവിതത്തിന്റെയാണെന്ന്.

മുള്ളുകളുടെ ഇടയിൽ വീണത്, വചനം കേൾക്കുന്നെങ്കിലും ജീവിത ക്ലേശങ്ങൾ, സമ്പത്ത്, സുഖഭോഗങ്ങൾ എന്നിവ വചനത്തെ ഞെരുക്കിക്കളയുന്നതുകൊണ്ട് ഫലം പുറപ്പെടുവിക്കാത്തവരാണ്. (ലൂക്കാ 8:14)

ജാഗരൂകരായിരിക്കുവിൻ. എല്ലാ അത്യാഗ്രഹങ്ങളിലും നിന്ന്
അകന്നിരിക്കുകയും ചെയ്യുവിൻ.
മനുഷ്യജീവിതം സമ്പത്തുകൊണ്ടല്ല ധന്യമാകുന്നത്. (ലൂക്കാ 12:15)

...ഇതുപോലെയാണ് ദൈവസന്നിധിയിൽ സമ്പന്നനാകാതെ
തനിക്കുവേണ്ടി സമ്പത്തു ശേഖരിച്ചുവയ്ക്കുന്നവനും. (ലൂക്കാ 12:21)

നിങ്ങളുടെ സമ്പത്തു വിറ്റ് ദാനം ചെയ്യുവിൻ. പഴകിപ്പോകാത്ത
പണസഞ്ചികൾ കരുതിവയ്ക്കുവിൻ. ഒടുങ്ങാത്ത നിക്ഷേപം
സ്വർഗത്തിൽ സംഭരിച്ചുവയ്ക്കുവിൻ. അവിടെ കള്ളൻമാർ
കടന്നുവരുകയോ ചിതൽ നശിപ്പിക്കുകയോ ഇല്ല. (ലൂക്കാ 12:33)

യേശു അവനെ നോക്കിക്കൊണ്ടു പറഞ്ഞു: സമ്പത്തുള്ളവർ
ദൈവരാജ്യത്തിൽ പ്രവേശിക്കുന്നത് എത്ര ദുഷ്കരം! (ലൂക്കാ 18:24)



# ഹെൽമറ്റ്

പണികഴിഞ്ഞ് അന്നത്തെ കൂലി വാങ്ങി വീട്ടിലെത്തിയപ്പോഴാണ് രാത്രിക്കുള്ള ഭക്ഷണത്തിന് അരിയില്ലെന്ന് ഭാര്യ പറഞ്ഞത്... കുഞ്ഞുങ്ങളും ഭാര്യയും പട്ടിണിയാവുമെന്നോർത്ത് രാമൻ അരിവാങ്ങാനായി കടയിലേക്കിറങ്ങി. ഏകദേശം ഒന്നരകിലോമീറ്റർ ദൂരം നടക്കാനുണ്ടായിരുന്നു. പണികഴിഞ്ഞ് വന്നതിനാൽ നല്ല ക്ഷീണമുണ്ടായിരുന്നെങ്കിലും വീട്ടിലെ കാര്യമോർത്തപ്പോൾ അയാൾ നടത്തത്തിന് വേഗത കൂട്ടി.



വഴിയിൽ നിന്നും അയൽവാസിയായ രാജൻ വണ്ടിയുമായി വന്ന് കയറാൻ പറഞ്ഞപ്പോൾ ഒന്നും നോക്കാതെ കയറി. അങ്ങാടിയിലെത്തുന്നതിന് മുൻപുള്ള വളവിൽ വെച്ച് പോലീസ് കൈകാണിച്ചു. ഹെൽമറ്റില്ലാത്തതിന് രാജന് അഞ്ഞൂറും പിറകിലിരുന്ന രാമന് അഞ്ഞൂറും ഫൈനിട്ടു..

പിഴയും പിഴിച്ചിലും കഴിഞ്ഞ് വണ്ടി സ്റ്റാർട്ട് ചെയ്ത് പോലീസ് ജീപ്പിന് മുൻപിലൂടെ രാജൻ വണ്ടി മുന്നോട്ടെടുത്തു. നിയമപാലകർ അത് നോക്കി നിൽക്കുന്നുണ്ടായിരുന്നു. സത്യത്തിൽ രാമന് എന്താണ് സംഭവിച്ചതെന്ന് മനസിലായില്ല. ഒരു കാര്യം മാത്രം മനസിലായി ഒരാഴ്ചക്കുള്ള അരി വാങ്ങാൻ വെച്ച അഞ്ഞുറ് രൂപ നിയമം കൊണ്ടുപോയി..

പോകുന്ന വഴി രാമൻ രാജനോട് ചോദിച്ചു. ''എന്തിനാണ് ഹെൽമറ്റ് വെക്കുന്നത്?''

''ആക്സിഡന്റ് ആയാൽ തലക്ക് കേട് പറ്റാതിരിക്കാൻ.'' രാജൻ മറുപടി പറഞ്ഞു.

''ഫൈനടച്ചാൽ പിന്നെ ആക്സിഡന്റ് ഉണ്ടാകില്ലേ...''

രാമന്റെ ചോദ്യം കേട്ട് രാജൻ വണ്ടി നിർത്തി ചോദ്യരൂപേണ രാമനെ നോക്കി. ''അല്ല... ഫൈനടച്ച് അവരുടെ മുൻപിലൂടെ തന്നെ ഹെൽമറ്റ് ഇല്ലാതെ നമ്മൾ പോന്നു. നമ്മുടെ ജീവന് സുരക്ഷ ന ല്കണമെന്ന ഉദ്ദേശമായിരുന്നെങ്കിൽ അവർ ഫൈനടപ്പിച്ച് വണ്ടി പി ടിച്ച്വെച്ച് ഹെൽമെറ്റുമായി വന്നാലേ വണ്ടി തരൂ എന്നല്ലേ പറയേ ണ്ടത്. അപ്പോൾ രാജാ, നമ്മുടെ ജീവന്റെ സുരക്ഷയല്ല. പിഴയാണ് ലക്ഷ്യം അല്ലേ.. റോഡിലെ കുഴിയടക്കാൻ നിയമമില്ലെങ്കിലും പോ

ക്കറ്റിന് തുള വീഴ്ത്താൻ നിയമങ്ങളനവധിയാണല്ലേ....''

''രാജാ... ഇനിയിപ്പോ അങ്ങാടിയിൽ പോയിട്ട് കാര്യമില്ല... അരിവാങ്ങാനുള്ള പൈസ ഏമാൻമാർ നിയമം നടപ്പിലാക്കിയതോടെ തീർന്നു... എന്നെ നീ ഒന്ന് വീട്ടിലേക്കാക്കി തരൂ.... ഒരുതവണ ഫൈന ടച്ച റസീപ്റ്റ് കയ്യിലുള്ളതോണ്ട് ഇനി ഹെൽമറ്റില്ലാത്തതിന് ഇന്നിനി ആരും ഫൈനിടില്ലല്ലോ...''

രാജൻ മറുപടിയൊന്നും പറയാതെ വണ്ടി തിരിച്ചു....

ഭാര്യയും മക്കളും അരി വാങ്ങി വരുന്ന രാമനെകാത്ത് കത്തുന്ന വയറുമായി ഉമ്മറത്ത് കാത്ത് നിന്നു... അടുപ്പത്ത് അരിവേവിക്കാനായി വെച്ച വെള്ളം വെട്ടിതിളച്ച് കിടക്കുന്നുണ്ടായിരുന്നു.

കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ

ഫിലദെൽഫിയായിലെ സഭയുടെ ദൂതന് എഴുതുക.




പരിശുദ്ധനും സത്യവാനും ദാവീദിൻെറ താക്കോൽ കൈവശമുള്ളവനും മറ്റാർക്കും അടയ്ക്കാൻ കഴിയാത്തവണ്ണം തുറക്കുന്നവനും മറ്റാർക്കും തുറക്കാൻ കഴിയാത്തവിധം അടയ്ക്കുന്നവനും ആയവൻ പറയുന്നു: നിൻെറ പ്രവർത്തികൾ ഞാനറിയുന്നു. ഇതാ, നിൻെറ മുമ്പിൽ ആർക്കും പൂട്ടാൻ കഴിയാത്ത വിധം തുറന്നു കിടക്കുന്ന ഒരു വാതിൽ ഞാൻ സ്ഥാപിച്ചിരിക്കുന്നു.


(വെളി 3:7-8)

# ദൈവിക രഹസ്യം


വിരിയാറായ ഒരു കോഴിമുട്ട, വിരിയാറായ താറാവ് മുട്ട രണ്ടും കുളക്കടവിൽ കൊണ്ടുപോയി വെള്ളത്തിന്റെ അടുത്ത് വെക്കുക. എന്നിട്ട് ദൂരെ നിന്ന് മാറി നോക്കുക. കോഴി മുട്ട പൊട്ടിച്ച് കോഴിക്കുഞ്ഞ് പുറത്ത് വരും. അത് പോലെ താറാവ് മുട്ട പൊട്ടിച്ച് താറാവ് കുഞ്ഞ് പുറത്ത് വരും. രണ്ടു കുഞ്ഞുങ്ങളും വെള്ളത്തിലേക്ക് നോക്കുന്നുണ്ടാകും. കോഴിക്കുഞ്ഞ് വെള്ളത്തിലേക്ക് നോക്കി പേടിച്ച് പുറകി ലേക്ക് പോകും. താറാവ് കുഞ്ഞിനറിയാം തനിക്ക് നീന്താനറി യാമെന്ന്. രണ്ടും മുട്ടയ്ക്കത്തു നിന്നുണ്ടായതാണ്. എങ്ങനെ യാണ് താറാവിന്റെ കുഞ്ഞിന് ആ അറിവുണ്ടായത്? വെള്ള ത്തിൽ ചാടിയാൽ മുങ്ങില്ലെന്ന്? എങ്ങനെയാണ് കോഴിക്കുഞ്ഞിന് അറിവുണ്ടായത് വെള്ളത്തിൽ ചാടരുതെന്ന്? ആരാണ് ഈ 'വിവരം' കൊടുത്തത്? വിവരിക്കാൻ സാധിക്കില്ല.

പശുക്കുട്ടിയെ അല്ലെങ്കിൽ പശുവിനെ ഒരു വലിയ പുൽ മേടയിൽ മേയാൻ വിടുക. ആ പശു തിന്നുന്ന പുല്ലുകൾ മുഴുവൻ നോക്കിയിരിക്കുക. ആ പശു ഒരിക്കലും കമ്മ്യൂണിസ്റ്റ് പച്ച തിന്നില്ല കാരണം? പശു കോൺഗ്രസ്കാരനായത് കൊണ്ടാ ണോ? അതിന്റെ തലച്ചോറിൽ അത് എഴുതിവച്ചിട്ടുണ്ട് ആ അറിവിനെയാണ് ദൈവിക രഹസ്യം എന്നു പറയുന്നത്.

ദൈവീക രഹസ്യത്തിന്റെ ഒരു ഭാഗം ആത്മചൈതന്യമായി നമ്മളിലുമുണ്ട്. അത് കൊണ്ടാണ് നമ്മുടെ ഹൃദയം പ്രവർത്തി ക്കുന്നത്. കടൽത്തീരത്ത് മുട്ട വിരിഞ്ഞിറങ്ങുന്ന ആമക്കുഞ്ഞ് പടിഞ്ഞാറോട്ട് തന്നെ നടന്നുനീങ്ങി കടലിലിറങ്ങുന്നു. എത്ര കിലോമീറ്റർ കൊണ്ടുപോയി ഇട്ടാലും ഇവക്ക് കൃത്യമായി ദിക്കറിയാനാകും. അതെങ്ങനെ അറിയുന്നു? കാനഡയിൽ ആർട്ടിക്ക് സമുദ്രത്തിന്റെയടുത്ത് ഒരു സ്ഥലമുണ്ട്. അവിടെ



സാൽമൺ മൽസ്യം വന്ന് മുട്ടയിടും. ആ മുട്ട വിരിഞ്ഞ് കുഞ്ഞുങ്ങൾ സാൽമൺ ക്രീക്ക് ആർട്ടിക്ക് സമുദ്രത്തിൽ നിന്ന് താഴത്തേക്ക് വന്ന് പെ സഫിക് സമുദ്രത്തിലൂടെ പോയി നേരെ സൗത്ത് അമേരിക്കയുടെ താഴെക്കൂടെ സൗത്ത് ആഫ്രിക്ക കടന്ന് അറ്റ്ലാൻറിക് സമുദ്രവും കടന്ന് സൗത്താഫ്രിക്കയും




സൗത്ത് അമേരിക്കയും കടന്ന് പസഫിക് സമുദ്രവും കടന്ന് വീണ്ടും ആർട്ടിക്ക് സമുദ്രത്തിലെ സാൽമൺ ക്രീക്കിൽ മൂന്നു വർഷം കഴിഞ്ഞ് തിരിച്ചെത്തും. അപ്പോൾ ആ മത്സ്യക്കുഞ്ഞ് ഒരു വലിയ സാൽമൺ മത്സ്യമായി മാറിയിട്ടുണ്ടാകും. അവിടെ വന്ന് അത് മുട്ടയിടും. അതിന് ശേഷം തലയടിച്ചു ചത്തു പോകും! ഏതാണ്ട് 32 ലക്ഷം ടൺ സാൽമൺ മത്സ്യങ്ങൾ ഒരു സീസണിൽ മരിക്കും. ആ സമയം മുഴുവൻ സാൽമൺ ഫിഷിനെ തിന്നാനായി ആ പ്രദേശം മുഴുവൻ കരടികളായിരിക്കും. ഈ സാൽമൺ മൽസ്യത്തോട് അവിടുന്ന് വിരിഞ്ഞ് ന്യൂസിലന്റ്‌വരെ പോയി, തിരിച്ച് ഇവിടെ വന്ന് മുട്ടയിട്ട് തല തല്ലി ചാവണമെന്ന് പറഞ്ഞത് ആരാണ്? വിശ്വസിച്ചാലും ഇല്ലെങ്കിലും ഈ ശരീരത്തെ മൊത്തം നിയന്ത്രിക്കുന്ന ഒരു ശക്തിയുണ്ട്. കണ്ണിന് കാഴ്ച നൽകുന്ന ശക്തി. ചെവിയെ കേൾപ്പിക്കുന്ന ശക്തി. നാക്കിന് സംസാരിക്കാനും സ്വാദറിയാനും സഹായിക്കുന്ന ശക്തി. ആ ചൈതന്യമാണ് 'ഈശ്വരൻ'. ആ ഈശ്വരനു മുമ്പിൽ വർഗം ഇല്ല, വർണ്ണമില്ല, എല്ലാവരും തുല്യർ. ജാതിയുടെയും മതത്തിന്റെയും പേര് പറഞ്ഞു തമ്മിൽ തല്ലാതെ ദൈവം തന്ന കാലം സ്നേഹത്തോടെ ജീവിക്കാൻ ശ്രമിക്കാം.


ഇന്ന് ഭൂമിയിൽ ഏതാണ്ട് 750 കോടി മനുഷ്യർ അതിവസിക്കുന്നുണ്ടത്രേ. ഈ മനുഷ്യരുടെയെല്ലാം രൂപഘടന ഒരേ രീതിയിൽതന്നെയാണ്! രണ്ടു കാലുകളും, രണ്ടു കൈകളും, ഏറ്റവും മുകളിൽ മുഖവുമാണ് മനുഷ്യരൂപഘടനയിലുള്ളത്! മനുഷ്യമുഖത്തിന്റെ ഏകദേശ വലിപ്പം ഏതാണ്ട് മുക്കാൽ സ്ക്വയർ ഫീറ്റ് മാത്രമാണുള്ളത്. ആ മുക്കാൽ സ്ക്വയർ ഫീറ്റിനുള്ളിൽ കൃത്യമായ



സ്ഥലത്ത് രണ്ട് കണ്ണുകളും, ഒരു മൂക്കും, രണ്ട് ചുണ്ടുകളും, ഇരുഭാഗത്തായി രണ്ട് ശ്രവണപുടങ്ങളുമാണുള്ളത്. എന്നാൽ വെറും മുക്കാൽ സ്ക്വയർ ഫീറ്റിനുള്ളിൽ ഓരോ സ്ഥലങ്ങളിലും കൃത്യമായ രീതിയിൽ ഓരോരോ അവയവങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ട് ഇന്ന് ഭൂമിയിൽ ജീവിക്കുന്ന 750 കോടി മനുഷ്യരുടേയും മുഖങ്ങളെ വ്യത്യസ്തമായ രീതിയിൽ ക്രമപ്പെടുത്തിയ സൃഷ്ടാവിന്റെ സൃഷ്ടി വൈഭവത്തെ നമുക്ക് എങ്ങിനെയാണ് വിലയിരുത്താനാവുക? അപ്പോൾ നമുക്ക് മുമ്പേ കൊഴിഞ്ഞുപോയ കോടാനുകോടി മനുഷ്യരുടെയും, നമുക്ക് ശേഷം വരാനിരിക്കുന്ന കോടാനുകോടി മനുഷ്യരുടെയും വെറും മുക്കാൽ സ്ക്വയർ ഫീറ്റിനുള്ളിൽ സൃഷ്ടിച്ച മുഖങ്ങളെല്ലാം ഒന്നിനൊന്ന് വ്യത്യസ്തമാണ് എന്ന യാഥാർഥ്യം കൂടി മനസ്സിലാക്കുമ്പോൾ ആ സൃഷ്ടാവിന്റെ സൃഷ്ടി വൈഭവത്തെ എങ്ങിനെയാണ് നമുക്ക് നിഷേധിക്കാൻ കഴിയുന്നത്?

അതോടൊപ്പം ഒരേ മാതാപിതാക്കൾക്കൾക്ക് ജനിക്കുന്ന ഒരേ മാതാവിന്റെ ഗർഭപാത്രത്തിൽ നിന്നും ഓരോ തവണയും പുറത്തു വരുന്ന അവരുടെ സന്താനങ്ങൾ രൂപത്തിലും, ഭാവത്തിലുമെല്ലാം വളരെയധികം വ്യത്യസ്തത പുലർത്തുന്നതിൽ നിന്നും മനുഷ്യ ബുദ്ധിയുടെ ഏതളവുകോലുകൾ വച്ചുകൊണ്ടുപോലും നിർവ്വചിക്കാൻ മനുഷ്യർ അശക്തനാണ് എന്ന തിരിച്ചറിവിലേക്ക് നാം എത്തിച്ചേരും! മാത്രമല്ല ആ മനുഷ്യന്റെ മുഖത്തെ രണ്ട് ചുണ്ടുകൾക്കിടയിൽ നിന്നും വരുന്ന രൂപമില്ലാത്ത ശബ്ദം എന്ന പ്രതിഭാസത്തെ ഓരോരുത്തരിലും വ്യത്യസ്തമായ രീതിയിൽ സംവിധാനം ചെയ്തു. വെറും ശബ്ദത്തിൽ കൂടി മാത്രം നമുക്ക് ആ ശബ്ദത്തിനുടമയെ മനസ്സിലാക്കാൻ സാധിക്കുന്നത് അതുകൊണ്ടാണ്. ഫോണെടുത്ത് ഹലോ എന്ന പദം കേൾക്കുന്ന മാത്രയിൽ തന്നെ നാം അതാരാണ് എന്ന് മനസ്സിലാക്കുന്നതും, സിനിമയിലും, ടി.വി.യിലുമെല്ലാം നോക്കാതെ തന്നെ നടീ/നടൻമാരേയും, വാർത്താ വായനക്കാരേയുമെല്ലാം നാം തിരിച്ചറിയുന്നത് അരൂപിയായ ശബ്ദത്തെ പോലും ഓരോരുത്തരിലും വ്യത്യസ്തമായ രീതിയിൽ സംവിധാനിച്ച സൃഷ്ടാവിന്റെ സമാനതകളില്ലാത്ത സൃഷ്ടിവൈഭവം കൊണ്ട് മാത്രമാണ്!

ഇനി നമുക്ക് മനുഷ്യന്റെ കാൽപാദങ്ങളെയെടുക്കാം. ഇന്ന് നാം ധരിക്കുന്ന പാദരക്ഷകളിൽ ഏറ്റവും മുൻപന്തിയിൽ നിൽക്കുന്ന ഒരു ബ്രാൻഡ് എടുക്കുക. അത് ധരിച്ച് എത്രനാൾ നമുക്ക് സഞ്ചരിക്കാൻ സാധിക്കും? ഏറ്റവും കൂടിയാൽ ഒരു രണ്ടോ,




മൂന്നോ വർഷം. എന്നാൽ സൃഷ്ടാവ് നമുക്ക് നൽകിയ കാൽപാദങ്ങൾ എത്രയോ വർഷങ്ങളാണ് നാം ഉപയോഗിക്കുന്നത്. നൂറു വർഷം ജീവിച്ചിരിക്കുന്ന ഒരു മനുഷ്യൻ ആ കാൽപാദങ്ങൾ തന്നെയാണ് ഉപയോഗിക്കുന്നത്. അതേ പോലെ നാം ഭക്ഷണം പാകം ചെയ്യാനുപയോഗിക്കുന്ന ഏറ്റവും ദൃഢമായ സ്റ്റീൽ ലോഹത്തിൽ പണിതിട്ടുള്ള തവികൾ. എത്രവട്ടം നാമത് മാറ്റി പുതുതായി വാങ്ങിയിരിക്കുന്നു. എന്നാൽ സൃഷ്ടാവ് നമുക്ക് നൽകിയ കൈകൾ നൂറു വർഷം ജീവിക്കുന്ന വ്യക്തിക്ക് ജീവിതത്തിൽ ഒരിക്കൽ പോലും മാറ്റുന്നില്ല മാറ്റേണ്ടതായി വരുന്നില്ല! എത്രയോ കഠിനമായ വേലകൾവരെ ഒരു മനുഷ്യായുസ്സിൽ നാം നമ്മുടെ കരങ്ങൾകൊണ്ട് ചെയ്തു തീർക്കുന്നു.

അതേപോലെ നാം ഷോപ്പിംഗ് മാളുകളിലും വലിയ റെസ്റ്റോറന്റുകളിലും പോകുമ്പോൾ കാണുന്ന രണ്ട് കാഴ്ചകളാണ്, നാം നടന്ന് ചെല്ലുമ്പോൾ താനേ തുറക്കുന്ന ഗ്ളാസ് ഡോറുകളും, കൈനീട്ടുമ്പോൾ താനേ ടാപ്പിൽ നിന്നും വെള്ളം വരുന്ന സെൻസർ ടാപ്പുകളും. എന്നാൽ ഇതിനേക്കാൾ വലിയ സെൻസറിങ് സംവിധാനം നമ്മുടെ ശരീരത്തിൽ തന്നെ വ്യവസ്ഥാപിതമായി നമ്മുടെ സൃഷ്ടാവ് സംവിധാനിച്ചിട്ടുണ്ട്. നമ്മുടെ കണ്ണുകളെടുക്കുക. എത്ര വേഗതയിൽ ശരം കണക്കെ നമ്മുടെ കണ്ണിനു നേരെ ഏതൊരു വസ്തു പാഞ്ഞടുത്താലും നിമിഷാർദ്ധംകൊണ്ട് ലോകത്തെ ഒരു സെൻസറിങ്ങിനും സാധിക്കാത്ത വേഗത്തിൽ കൺപോളകൾ അടച്ച് നമ്മുടെ കണ്ണുകളെ സംരക്ഷിക്കുന്നു.

നാം മലമൂത്ര വിസർജ്ജനം ചെയ്യുന്നതിനെ കുറിച്ച് ചിന്തിക്കുക. നാം ബാത്ത് റൂമിൽ കയറി മൂത്രം ഒഴിവാക്കാൻ ഉദ്ദേശിച്ചാൽ ആ സെക്കന്റിൽ മൂത്ര നാളം തുറക്കുന്നു! അത് കഴിഞ്ഞാൽ മൂത്രനാളി അടയുന്നു. അത്പോലെ മലവിസർജ്ജനവും. ആവശ്യം വരുമ്പോൾ തുറക്കാനും ആവശ്യം കഴിയുമ്പോൾ അടക്കാനും കഴിയുന്നു! ഇതിനേക്കാൾ ആയിരക്കണക്കിന് മടങ്ങ് അത്ഭുതങ്ങളുടെ കലവറയാണ് മനുഷ്യ ശരീരത്തിലെ ആന്തരീക പ്രവർത്തനങ്ങൾ.

ഇതേക്കുറിച്ചെല്ലാം യാഥാർത്ഥ്യ ബോധത്തോടെ ചിന്തിക്കുമ്പോൾ, സൃഷ്ടാവിന്റെ സൃഷ്ടി വൈഭവത്തിന് മുന്നിൽ സൃഷ്ടികളായ നാം തല കുനിക്കുക തന്നെ ചെയ്യും.

കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ

**ഞാൻ അങ്ങയെ സ്തുതിക്കുന്നു; എന്തെന്നാൽ, അങ്ങ് എന്നെ വിസ്മയനീയമായി സൃഷ്ടിച്ചു. (സങ്കീ 139:14)**

# ആരോഗ്യം

ഈ സന്ദേശം ഇന്ത്യയിലെ ഒരു കൂട്ടം ഡോക്ടർമാരിൽ നിന്നുള്ളതാണ്.

1) APPY FIZZ കുടിക്കരുത്. ഇതിൽ കാൻസർ ഉണ്ടാക്കുന്ന ഏജന്റ് അടങ്ങിയിരിക്കുന്നു.

2) കോക്ക് അല്ലെങ്കിൽ പെപ്സി കുടിക്കുന്നതിനു മുമ്പോ ശേഷമോ Mentos കഴിക്കരുത്, കാരണം മിശ്രിതം സയനൈഡ് ആകുമ്പോൾ വ്യക്തി ഉടൻ തന്നെ മരിക്കും.

3) ഉയർന്ന അളവിൽ പ്ലാസ്റ്റിക് അടങ്ങിയിരിക്കുന്നതിനാൽ Kurkure കഴിക്കരുത്. കുർക്കുരെ കത്തിച്ചാൽ പ്ലാസ്റ്റിക് ഉരുകും.

4) ഈ ടാബ്ലെറ്റുകൾ ഒഴിവാക്കുക, അവ വളരെ അപകടകരമാണ്:
* D-cold * Vicks Action-500 * Actifed * Nice * Coldarin * Cosome
* Nimulid *Cetrizet-D

അവയിൽ ഫെനൈൽ പ്രൊപാനോൾ-അമൈഡ് പിപിഎ അടങ്ങിയിരിക്കുന്നു. ഇത് സ്ട്രോക്കുകൾക്ക് കാരണമാവുകയും U.S.Aൽ നിരോധിക്കുകയും ചെയ്തു!

സിൽവർ നൈട്രോ ഓക്സൈഡ് മൂലമുണ്ടായ ഒരു പുതിയ അർബുദം മനുഷ്യരിൽ ഡോക്ടർ ഓഫ് ഇൻഡോ അമേരിക്കൻ ഹോസ്പിറ്റൽ കണ്ടെത്തി. നിങ്ങൾ റീചാർജ് കാർഡുകൾ വാങ്ങുമ്പോഴെല്ലാം, നിങ്ങളുടെ നഖങ്ങളിൽ മാന്തികുഴിയുണ്ടാക്കരുത്, കാരണം അതിൽ സിൽവർ നൈട്രോ ഓക്സൈഡ് കോട്ടിംഗ് അടങ്ങിയിരിക്കുന്നതിനാൽ ചർമ്മ കാൻസറിന് കാരണമാകും. പ്രധാന ആരോഗ്യ ടിപ്പുകൾ:

Phone ഇടത് ചെവി ഉപയോഗിച്ച് ഫോൺ കോളുകൾക്ക് മറുപടി നൽകുക. തണുത്ത വെള്ളത്തിൽ മരുന്ന് കഴിക്കരുത്. വൈകുന്നേരം 5 മണിക്ക് ശേഷം ആഹാരം കഴിക്കരുത്. രാവിലെ കൂടുതൽ വെള്ളം കുടിക്കുക, രാത്രിയിൽ കുറവ്. മികച്ച ഉറക്കസമയം രാത്രി 10:00 മുതൽ പുലർച്ചെ 4:00 വരെയാണ്. മരുന്ന് കഴിച്ചതിനു ശേഷമോ ഭക്ഷണത്തിനു ശേഷമോ ഉടൻ കിടക്കരുത്. ഫോണിന്റെ ബാറ്ററി അവസാന ബാറിൽ കുറവാണെങ്കിൽ, ഫോണിന് മറുപടി നൽകരുത്, കാരണം റേഡിയേഷൻ 1000 മടങ്ങ് ശക്തമാണ്. യു.എസ്. കെമിക്കൽ റിസർച്ച് സെന്റർ പുതിയ ഫലം നൽകുന്നു: പ്ലാസ്റ്റിക് കപ്പുകളിൽ ചായ കുടിക്കരുത്, പോളിത്തീൻ പേപ്പറിൽ ഭക്ഷണം കഴിക്കരുത്. പ്ലാസ്റ്റിക് ചൂടിനോട് പ്രതികരിക്കുകയും ഇത് 52 തരം അർബുദങ്ങൾക്ക് കാരണമാവുകയും ചെയ്യും.

Dr. Anjali Mathur, Chairman & CMO,
Indo American Hospital (IAH), South Dakota (US).

കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ



കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ

എന്തെന്നാൽ, അവിടുത്തെ കോപം നിമിഷനേരത്തേക്കേ ഉള്ളു; അവിടുത്തെ പ്രസാദം ആജീവനാന്തം നിലനിൽക്കുന്നു; രാത്രിയിൽ വിലാപമുണ്ടായേക്കാം; എന്നാൽ പ്രഭാതത്തോടെ സന്തോഷത്തിന്റെ വരവായി. (സങ്കീ 30:5)



# ദൈവവിളിയും നിങ്ങളും

(ഏശയ്യാ 6:8) കർത്താവ് അരുളിച്ചെയ്യുന്നതു ഞാൻ കേട്ടു: "ആരെയാണ് ഞാൻ അയയ്ക്കുക? ആരാണ് നമുക്കു വേണ്ടി പോവുക?"



## അപ്പോൾ ഞാൻ പറഞ്ഞു: "ഇതാ ഞാൻ! എന്നെ അയച്ചാലും!"

തന്റെ വേലയ്ക്ക് ദൈവം ഒരാളെ വിളിക്കുമ്പോൾ അയാൾക്കാവശ്യമായ സകല കൃപകളും നല്കി ഒരുക്കിയതിനു ശേഷമാവും ദൈവം അയാളെ നിയോഗിക്കുക. മാത്രമല്ല ദൈവം തന്നെ അയാളുടെ കൂടെ എപ്പോഴുമുണ്ടാവും. ഏപ്രിൽ-മെയ് മാസങ്ങളിൽ എല്ലാ രൂപതകളും, സന്യാസ സഭകളും ദൈവവിളി ക്യാമ്പ് നടത്തുന്നുണ്ട്. നിങ്ങളുടെ അറിവിലുള്ള പത്താം ക്ലാസോ അതിലുമുപരി വിദ്യാഭ്യാസ യോഗ്യതയോയുള്ള ആൺകുട്ടികളെ ഈ വിവരം അറിയിക്കുമല്ലോ. നമ്മുടെ പ്രൊവിൻസിന്റെ ഇത്തരം പ്രവർത്തനങ്ങൾക്കു വേണ്ടിയും പ്രാർത്ഥിക്കണമേ. ദൈവമവരെ പ്രചോദിപ്പിക്കാനും വിശുദ്ധരായ വൈദികരെയും സന്യസ്തരെയും നല്കി സഭയെ ധന്യമാക്കാനും നിങ്ങളുടെ വിലയേറിയ പ്രാർത്ഥന ദൈവം സ്വീകരിക്കുമാറാകട്ടെ.




സെന്റ് ജോസഫ് കപ്പൂച്ചിൻ പ്രൊവിൻസിന്റെ ദൈവവിളി ക്യാമ്പ് ഏപ്രിൽ മാസം നടക്കപ്പെടുന്നു. കനിവായ് നിങ്ങളും അതിനു വേണ്ടി പ്രാർത്ഥിക്കണമേ. നമ്മുടെ മക്കൾ അച്ചനായോ കന്യാസ്ത്രീയമ്മയായോ എന്നതല്ല പ്രധാനം, ദൈവം അവരെക്കുറിച്ചൊരുക്കിവച്ചിരിക്കുന്ന പദ്ധതി തിരിച്ചറിയാനും അതു നടപ്പിലാക്കാനും സഹായിക്കുകയാണ് ഈ ക്യാമ്പുകളുടെ ഉദ്ദേശ്യം.

കൂടുതൽ വിവരങ്ങൾക്ക്:
**Vocation Promoter : 9496804911**

# ഫ്രാൻസിസ്കൻ വിശുദ്ധ ജീവിതം

ഫ്രാൻസിസ്കൻ വിശുദ്ധ ജീവിതങ്ങളെ പരിചയപ്പെടുത്തുന്ന പുതിയ പംക്തിയാണിത്. വിശുദ്ധിയെന്നത് അഗോചരമായ ഒന്നാണെന്നും അതിനിഗൂഢമാണെന്നും കരുതുന്നവർ ഈ ഫ്രാൻസിസ്കൻ വിശുദ്ധരെ തീർച്ചയായും പരിചയപ്പെടണം. അപ്പോൾ അവർ നമ്മെ പഠിപ്പിച്ചുതരും വിശുദ്ധി ദൈവത്തിലാശ്രയിച്ചുള്ള ലളിതമായ ജീവിതചര്യയാണെന്ന്.



# 1. അസ്സീസിയിലെ വി. ഫ്രാൻസ്സീസ്



രണ്ടാം ക്രിസ്തുവായ് അറിയപ്പെടുന്നവൻ, പ്രകൃതിയുടെ മദ്ധ്യസ്ഥൻ, സഭയെയും ലോകത്തെയും ഏറ്റവും കൂടുതൽ നവീകരിച്ചവൻ, ലോകത്ത് ഏറ്റവും കൂടുതൽ വിശുദ്ധരുള്ള സഭ സ്ഥാപിച്ച വിശുദ്ധൻ... വാക്കിലൊതുങ്ങാത്തവൻ.

(തുടരും)

# വിൽക്കാനുണ്ട്

ഭർത്താക്കൻമാരെ വില്ക്കുന്ന ഒരു കട ഒരാൾ ആരംഭിച്ചു. ആവശ്യമുള്ള സ്ത്രീകൾക്ക് നേരിട്ട് കടയിൽ ചെന്ന് ഇഷ്ടമുള്ള പുരുഷനെ ഭർത്താവായി വിലക്ക് വാങ്ങാം. കടക്കു മൊത്തം ആറു നിലകളുണ്ട്. ഓരോ നില മുകളിലേക്ക് കയറുമ്പോഴും ഭർത്താവിന്റെ വില കൂടി കൊണ്ടിരിക്കും.



ഒരു സ്ത്രീ ഭർത്താവിനെ വാങ്ങാൻ വന്നു. ഒന്നാം നിലയിലെ ബോർഡ്: ഇവിടെയുള്ള പുരുഷൻമാർക്ക് ജോലിയുണ്ട്.

അവൾ അടുത്ത നിലയിലേക്ക് കയറി. രണ്ടാം നിലയിലെ ബോർഡ്: ഇവിടെ ഉള്ള പുരുഷൻമാർക്ക് ജോലിയുണ്ട്; കുട്ടികളെ സ്നേഹപൂർവ്വം പരിപാലിക്കുന്നവരാണ്.

അവളടുത്ത നിലയിലേക്ക് കയറി. മൂന്നാം നിലയിലെ ബോർഡ് : ഇവിടെയുള്ള പുരുഷൻമാർക്ക് ജോലിയുണ്ട്; കുട്ടികളെ സ്നേഹപൂർവ്വം പരിപാലിക്കുന്നവരാണ്; നല്ല സുന്ദരൻമാരുമാണ്. "കൊള്ളാമല്ലോ," അവൾ ചിന്തിച്ചു. പക്ഷെ അടുത്ത നിലയിലേക്ക് കയറി. നാലാം നിലയിലെ ബോർഡ് : ഇവിടെയുള്ള പുരുഷൻമാർക്ക് ജോലിയുണ്ട്; കുട്ടികളെ സ്നേഹപൂർവ്വം പരിപാലിക്കുന്നവരാണ്; നല്ല സുന്ദരൻ മാരുമാണ്; വീട്ടുജോലിയിലും സഹായിക്കും.

"ദൈവമേ ഇനിയുമാരെങ്കിലും ഉണ്ടാവുമോ." അളുടെ ചിന്ത. അവൾ അടുത്ത നിലയിലേക്ക് കയറി. അഞ്ചാം നിലയിലെ ബോർഡ് : ഇവിടെയുള്ള പുരുഷൻമാർക്ക് ജോലിയുണ്ട്; കുട്ടികളെ സ്നേഹപൂർവ്വം പരിപാലിക്കുന്നവരാണ്; നല്ല സുന്ദരൻ മാരുമാണ്; വീട്ടുജോലിയിൽ സഹായിക്കും; അതോടൊപ്പം വളരെ റൊമാന്റിക് നേച്ചറുള്ളവരുമാണ്.

അവൾക്കു ആ നിലയിലേക്ക് കയറാൻ ഒരു പ്രലോഭനം വന്നു, എന്നാലും പക്ഷേ വീണ്ടും അടുത്ത നിലയിലേക്ക് പോയി. ആറാം നിലയിലെ ബോർഡ്: നിങ്ങൾ ഇവിടുത്തെ 31,456ആം നമ്പർ സന്ദർശകയാണ്. ഈ നിലയിൽ പുരുഷൻമാരാരുമില്ല, പക്ഷേ ഈ നില ഇവിടെ ഉള്ളതിന്റെ ഉദ്ദേശം സ്ത്രീകളെ ഒരിക്കലും തൃപ്തിപ്പെടുത്താൻ സാധിക്കില്ലയെന്നത് തെളിയിക്കാൻ വേണ്ടി മാത്രമാണ്! ഭർത്താക്കൻമാരെ വില്ക്കുന്ന ഈ കടയിൽ ഷോപ്പിംഗ് നടത്തിയതിനു നന്ദി. (തുടർന്നും വായിക്കുക)

ഇതേ കടക്കാരൻ തൊട്ടടുത്തു ഭാര്യമാരെ വില്ക്കുന്ന മറ്റൊരു പുതിയ കടയും നടത്തുന്നുണ്ടായിരുന്നു.

ഒന്നാം നിലയിലെ ബോർഡ്: ഇവിടെ ഭർത്താക്കൻമാർ പറയുന്നത് ക്ഷമയോടെ കേൾക്കുന്ന ഭാര്യമാരെ ലഭിക്കും.


രണ്ടും, മൂന്നും, നാലും, അഞ്ചും, ആറും നിലകളിലേക്ക് ഇന്നേവരെ ഒരൊറ്റ പുരുഷനും കയറിയിട്ടില്ല.

അവർക്ക് ഇത്രയൊക്കെ മതിയേ.

*(കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ)*

---



വചനം മാംസമായി
നമ്മുടെയിടയിൽ വസിച്ചു.
അവൻെറ മഹത്വം നമ്മൾ
ദർശിച്ചു (യോഹ. 1:14).

# ഹാപ്പി ന്യൂസ്സ്

40 വയസ്സ് കഴിഞ്ഞവർ വായിക്കുക...

പണ്ടൊക്കെ 40 വയസ്സ് കഴിഞ്ഞാൽ ആളുകൾ വൃദ്ധരാകുമായിരുന്നു. സ്ത്രീകളാണെങ്കിൽ 35 വയസ്സിൽ തന്നെ പ്രായം ബാധിച്ചിട്ടുണ്ടാകും. വേഷവും ഭാവവും പ്രായക്കൂടുതലിനു സംഭാവന നൽകിയിരുന്നു.

അക്കാലത്തെ 40+ സാധാരണക്കാരായ ആൾക്കാരുടെ ജീവിതം കൊടും പ്രാരാബ്ധങ്ങളിൽ നീറി നീറിയാണ് വലിഞ്ഞു നീങ്ങിയിരുന്നത്. നല്ല വീടില്ല, ധാരാളം മക്കൾ, പെൺമക്കളുടെ വിവാഹം, വരുമാനക്കുറവ് അങ്ങനെ അനവധി വിഷയങ്ങൾ. ചിരിച്ച മുഖത്തോടെ ഒരാളെ കാണാൻ പ്രയാസം. കാലം കുറച്ചു കൂടി ചെന്നപ്പോൾ ആൾക്കാർ കുറച്ചു കൂടി ചെറുപ്പമായി. 50 വയസ്സ് കഴിയേണ്ടി വന്നു വൃദ്ധരോ മധ്യവയസ്കരോ ആകാൻ. പലർക്കും ജീവിതത്തിൽ എന്തെങ്കിലുമൊക്കെ സന്തോഷിക്കാൻ ഉണ്ടായി. ഒന്നുമില്ലെങ്കിൽ ടിവിയിൽ സീരിയലുകൾ കണ്ടെങ്കിലും സന്തോഷിച്ചു.

ഇതാ പ്രായത്തിന്റെ അതിരളവുകൾ വീണ്ടും മാറിയിരിയ്ക്കുന്നു. WHO യുടെ പുതിയ തീയറി പ്രകാരം 18 വയസ്സു മുതൽ 65 വയസ്സു വരെ യൗവനകാലമാണ്. 66 മുതൽ 79 വരെ മധ്യവയസ്കനും 80 നു മുകളിൽ വാർധക്യവുമാണ്!

സത്യം പറയാമല്ലോ, ഇപ്പോഴാ ഒന്ന് സമാധാനമായത്. വയസ്സായിയെന്ന പേടിയിലായിരുന്നു ഇതുവരെ. ഇനി പ്രശ്നമില്ല, 80 വരെ സമയമുണ്ടല്ലോ.

കൂടുതലറിയാൻ: https://www.who.int/healthinfo/survey/ageingdefnolder/en/



യുവാവേ, യുവത്വത്തിൽ
നീ സന്തോഷിക്കുക...
ഹൃദയത്തിൻെറ പ്രേരണ
കളെയും കണ്ണിൻെറ അഭിലാഷ
ങ്ങളെയും പിൻചെല്ലുക.
എന്നാൽ ഓർമിച്ചുകൊള്ളുക,
ഇവയ്ക്കെല്ലാം ദൈവം നിന്നെ
ന്യായവിധിക്കായി വിളിക്കും
(സഭാ 11:9).

# നല്ല പുരുഷന്റെ ലക്ഷണം

ദിവസവും രാവിലെ 5 മണിക്ക് എണീക്കും.
മുടങ്ങാതെ വ്യായാമം ചെയ്യും.
കിടക്ക സ്വയം വൃത്തിയാക്കി ഷീറ്റ് മടക്കിവയ്ക്കും.
സ്വന്തം മുറി വൃത്തിയായി സൂക്ഷിക്കും.
ജോലി ചെയ്യുന്നത് ആത്മാർത്ഥമായി.
മദ്യപിക്കുക എന്ന ശീലമേ ഇല്ല.
അടുക്കളയിൽ ജോലി ചെയ്ത് സഹായിക്കും.
രാത്രിയിൽ അലഞ്ഞു തിരിഞ്ഞു നടക്കില്ല.
എല്ലാ കാര്യങ്ങൾക്കും അടുക്കും ചിട്ടയും.
കാര്യങ്ങൾ അതാത് സമയത്തു തന്നെ ചെയ്യും.
ടി വി യ്ക് സമയം കളയാറില്ല.
മൊബൈൽ ഉപയോഗിക്കാറില്ല.
സുഹൃത്തുക്കളുമായി ചാറ്റ് ചെയ്യാറില്ല.
എല്ലാ ദിവസവും പ്രാർത്ഥിക്കും.
എന്നും 9 മണിക്ക് തന്നെ ഉറങ്ങാൻ കിടക്കും.

**നിർഭാഗ്യവശാൽ ഈ നല്ല പുരുഷൻമാരെല്ലാം ഇന്നു സെൻട്രൽ ജയിലിലാണ്.**



# കുറ്റവും ശിക്ഷയും

"ഞങ്ങൾ ഫസ്റ്റ് ഫോമിൽ പഠിക്കുമ്പോൾ നടന്ന ഒരു സംഭവം പറയാം. ഒരു പരീക്ഷാ ദിവസം തേഡ് ഫോമിൽ പഠിക്കുന്ന ഒരു വിദ്യാർഥി പരീക്ഷക്ക് കോപ്പിയടിച്ചു. പരീക്ഷാ ഡ്യൂട്ടിയിലുണ്ടായിരുന്നത് ടി.പി. തോമസ് സാറാണ്. കോപ്പിയടിക്കുന്നത് സാറിന്റെ ശ്രദ്ധയിൽപ്പെട്ടില്ല. എന്നാൽ ഇൻസ്പെക്ഷനു വന്ന ഹെഡ്മാസ്റ്റർ അവനെ 'തൊണ്ടി സഹിതം' പിടികൂടി. ഹെഡ്മാസ്റ്റർ ഉടനെ തന്നെ ശിക്ഷ വിധിച്ചു. സ്കൂൾ അസംബ്ലി വിളിച്ചുകൂട്ടി തെറ്റു ചെയ്ത വിദ്യാർഥിയെ ശിക്ഷിക്കണം. ചൂരലുകൊണ്ടുള്ള ആറടിയായിരുന്നു അന്നത്തെ വലിയ ശിക്ഷ. കുറ്റവാളി ശിക്ഷയേറ്റു വാങ്ങുവാൻ ഹാജരാക്കപ്പെട്ടു. എന്നാൽ ഈ നിർദേശത്തെ തോമസ് സാർ ശക്തമായി എതിർത്തു. 'അവൻ തെറ്റു ചെയ്തതിന് കാരണക്കാരൻ ഞാനാണ്. ഞാൻ എന്റെ ജോലി ശരിയായി നിർവഹിച്ചിരുന്നെങ്കിൽ അവൻ കോപ്പിയടിക്കില്ലായിരുന്നു. അതുകൊണ്ട് അവനു വിധിച്ച ശിക്ഷ എനിക്കു നല്കണം'. സ്കൂൾ മുഴുവനും ആ വാക്കുകേട്ട് ഞെട്ടി. ഹെഡ്മാസ്റ്ററും സഹാധ്യാപകരും തോമസ് സാറിനെ അനുനയിപ്പിച്ചു നോക്കിയെങ്കിലും സാറ് തീരുമാനത്തിൽ നിന്നു പിൻമാറിയില്ല.

ഒടുവിൽ ഹെഡ്മാസ്റ്റർ തോമസ് സാറിന്റെ നിർബന്ധത്തിനു വഴങ്ങി. തെറ്റു ചെയ്ത വിദ്യാർഥിയെ ചൂണ്ടി ഹെഡ്മാസ്റ്റർ പറഞ്ഞു. "ഇവൻ ചെയ്ത കുറ്റത്തിന് ഇപ്പോൾ തോമസ് സാറിനെ ശിക്ഷിക്കുന്നതാണ്." തോമസ് സാർ ഹെഡ്മാസ്റ്ററെ തിരുത്തി: "ആ കുട്ടി ചെയ്ത കുറ്റത്തിന് എന്നെ ശിക്ഷിക്കുകയല്ല; ഞാൻ ചെയ്ത തെറ്റിനാണ് എന്നെ ശിക്ഷിക്കുന്നത്." ഇങ്ങനെ പറഞ്ഞിട്ട് ഹെഡ്മാസ്റ്ററിനു മുമ്പിൽ കൈനീട്ടി നിന്നു. ഹെഡ്മാസ്റ്റർ സാറിന്റെ കൈയിൽ ആദ്യത്തെ അടി കൊടുത്തു. ആ അടിയിൽ സ്കൂൾ മുഴുവൻ വേദനിച്ചു. ആ വിദ്യാർഥി കരഞ്ഞുകൊണ്ട് ഹെഡ്മാസ്റ്ററിന്റെ മുമ്പിൽ മുട്ടുകുത്തി പറഞ്ഞു; "ഇനി സാറിനെ അടിക്കരുത്." എന്നിട്ട് തോമസ് സാറിന്റെ കാലിൽ കെട്ടിപ്പിടിച്ചുകൊണ്ടു പറഞ്ഞു: "ഞാൻ ചെയ്തത് തെറ്റായിപ്പോയി. സാറിന്റെ കൈയിൽ അടികൊണ്ടപ്പോൾ എന്റെ ചങ്കു തകർന്നുപോയി. തോറ്റാലും ഇനി ഞാൻ കോപ്പിയടിക്കില്ല." ഇതു കണ്ടപ്പോൾ ഹെഡ്മാസ്റ്ററുൾപ്പെടെ അവിടെയുണ്ടായിരുന്നവരുടെ മുഴുവൻ കണ്ണു നിറഞ്ഞു. കുറ്റത്തെപ്പറ്റിയും ശിക്ഷയെപ്പറ്റിയും ഞാനുൾപ്പെടെയുള്ള വിദ്യാർഥികൾക്ക് ഒരു പുതിയ അറിവും അനുഭവവും പകർന്നു തന്ന സംഭവമായിരുന്നു അത്...."

ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തയുടെ

ആത്മകഥയിലെ "കുറ്റവും ശിക്ഷയും" എന്ന അധ്യായത്തിൽ നിന്നുള്ള വരികളാണിത്. മൂല്യങ്ങൾ ജീവിതത്തിൽ പകർത്തികാണിച്ചു തരാനും പഠിപ്പിച്ചു തരാനും ഇത്തരം മഹാ ഗുരുക്കളുണ്ട്.




ഏതു സാഹചര്യത്തിലും സംതൃപ്തിയോടെ കഴിയാൻ ഞാൻ പഠിച്ചിട്ടുണ്ട്. താഴ്ന്നനിലയിൽ ജീവിക്കാൻ എനിക്കറിയാം; അതേ, സുഭിക്ഷത്തിലും ദുർഭിക്ഷത്തിലും സമൃദ്ധിയിലും ദാരിദ്ര്യത്തിലുമെല്ലാം. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും (ഫിലി. 4:11-14).


# വചനകേന്ദ്രീകൃത ജീവിതം

വചനത്തിൽ ജീവിതമെത്താൻ സഹായിക്കാമോ?



നല്ല മണ്ണിൽ വിതയ്ക്കപ്പെട്ട വിത്താകട്ടെ, വചനം ശ്രവിക്കുകയും സ്വീകരിക്കുകയും ചെയ്യുന്നവരാണ്. അവർ മുപ്പതുമേനിയും അറുപതുമേനിയും നൂറുമേനിയും ഫലം പുറപ്പെടുവിക്കുന്നു. (മർക്കോ 4:20)

# അക്ഷരങ്ങളിലെ കുസൃതി




പേര് ............................................................ ഫോൺ നം. ............................................................


അതീവ ശ്രദ്ധയും ക്ഷമയുമുള്ളവർ മാത്രം വിജയിക്കുന്ന ഒരു കളി. തന്നിരിക്കുന്ന അക്ഷരങ്ങൾ കൃത്യമായി പൂരിപ്പിക്കാമോ, ഉദാഹരണങ്ങൾ ശ്രദ്ധിക്കുക.

| **3 letter words** | ART | ERS | NAG | RTS | TOR |
|---|---|---|---|---|---|
| | BIZ | FRO | OWL | STY | TVA |
| | BRO | IAN | PCT | TEE | TWI |
| AAA | CHE | ILO | PEU | TEG | WPA |
| ALE | EMU | MAG | ROZ | TIO | ~~YEW~~ |
| ANA | | | | | |

| **4 letter word** | COOS | ESKS | IRAE | VOIR |
|---|---|---|---|---|
| AGUA | DRAT | EWES | KNEW | WALL |
| ALTO | DRAW | GLUT | NOIR | YEAS |
| ATTA | EARS | HATE | ROVE | |
| ATTY | EASE | IAGO | TOPE | |
| CARR | EPOS | IOWA | VAMP | |

| **5 letter word** | PASTE | **6 letter word** | **7 letter word** |
|---|---|---|---|
| ARRAY | PINKS | ~~ABOARD~~ | ARSENIO |
| KVASS | RAREE | AVERTS | FLYAWAY |
| MALTA | TOPSY | ESTERS | |
| NOSED | | PABLOS | |

ശരിയുത്തരങ്ങൾ ഫെബ്രു 10ന് മുമ്പായി അയച്ചു തരുമല്ലോ. ഒന്നിലധികം ശരിയുത്തരമുണ്ടെങ്കിൽ കുറിയിട്ട് സമ്മാനർഹരെ കണ്ടെത്തും.






ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്തത, സൗമ്യത, ആത്മസംയമനം ഇവയാണ്.
(ഗലാ. 5:22–23)

# മനുഷ്യനും മാനുഷികതയും

ആസാമിൽ നിന്നും ഒരു നല്ല വാർത്ത. മാനുഷികത ജയിക്കുന്ന ഏത് വാർത്തയും നല്ല വാർത്തയാണ്.

ഒരു മുസ്ലിം അദ്ധ്യാപകന്റെ ഭാര്യ ആൺകുട്ടിയെ പ്രസവിച്ചു. ഏതാനും ദിവസങ്ങൾക്കകം തന്നെ മാതാവിന് ഒരു സംശയം. കുഞ്ഞിന് തന്റെ കുടുംബത്തിലെ ആരുമായും രൂപസാദൃശ്യമില്ല. മാത്രമല്ല, താൻ പ്രസവിച്ച അന്നേ ദിവസം ആശുപത്രിയിൽ പ്രസവിച്ച ബോഡോ യുവതിയുമായി കുഞ്ഞിന് നേരിയ മുഖച്ഛായ. സംശയം ഭർത്താവിനോട് പറഞ്ഞു. അദ്ദേഹം ആശുപത്രിയുമായി ബന്ധപ്പെട്ടു. 'ഭാര്യയെ മാനസിക രോഗത്തിന് ചികിത്സിക്കൂ' എന്ന് ആശുപത്രി അധികൃതർ മറുപടി പറഞ്ഞു



അദ്ദേഹം പിൻമാറിയില്ല. ആർ ടി ഐ പരാതിയിലൂടെ അന്നേ ദിവസം അവിടെ ജനിച്ച കുട്ടികളുടെ ലിസ്റ്റ് കരസ്ഥമാക്കി. ബോഡോ ഫാമിലിയെ കണ്ടെത്തി. വിവരം പറഞ്ഞപ്പോൾ അവരാ സംശയം തള്ളിക്കളഞ്ഞു. പിൻമാറാൻ തയ്യാറാകാതെ അദ്ദേഹം ഡി എൻ എ ടെസ്റ്റ് നടത്തി. ഭാര്യയുടെ സംശയം അസ്ഥാനത്തല്ല എന്ന് തെളിഞ്ഞു.

അവർ കേസ് ഫയൽ ചെയ്തു. രണ്ട് കുടുംബത്തിലും ഡി എൻ എ നടത്തുവാൻ തീരുമാനമായി. കുട്ടികൾ പരസ്പരം മാറിപ്പോയത് തന്നെയെന്ന് തെളിയിക്കുന്ന റിസൾട്ട് വന്നു.

കുട്ടികളെ കൈമാറാനുള്ള രേഖകൾക്കായി ഇരു കുടുംബങ്ങളും ഒന്നിച്ച് കോടതിയെ സമീപിച്ചു. കുട്ടികളെ കൈമാറാൻ കോടതി ഉത്തരവിട്ടു. ഇത്രയും പ്രോസസ്സുകൾ നടന്നു കഴിഞ്ഞപ്പോഴേക്കും രണ്ട് വർഷത്തിലധികമായിരുന്നു.

ഒരു ജനുവരി നാലിനായിരുന്നു കുട്ടികളെ കൈമാറേണ്ടിയിരുന്നത്. രണ്ട് കുടുംബവും അതിന് വേണ്ടി തയ്യാറായി കോടതിയിലെത്തി.. പക്ഷേ രണ്ട് വർഷം പോറ്റിവളർത്തിയ മാതാപിതാക്കളെ വിട്ട് പോകാൻ കുട്ടികൾ തയ്യാറായില്ല. അമ്മമാരെ കെട്ടിപ്പിടിച്ച് അവർ വാവിട്ട് കരഞ്ഞു. അതോടെ മാതാപിതാക്കളും പൊട്ടിക്കരഞ്ഞു. ഈ അവസ്ഥയിൽ കുഞ്ഞുങ്ങളെ പരസ്പരം കൈമാറിയാൽ അവരുടെ ജീവിതം തന്നെ തകർന്നു പോകുമെന്ന് ഇരുകുടുംബങ്ങൾക്കും ബോധ്യപ്പെട്ടു.

അവർ മറ്റൊരു സംയുക്ത ഹർജിയുമായി ജനു

വരി ഇരുപത്തിനാലിന് വീണ്ടും കോടതിയെ സമീപിക്കും. കുട്ടികളെ കൈമാറേണ്ട. രണ്ട് വർഷം വളർത്തിയ കുഞ്ഞുങ്ങൾ എന്നെന്നേക്കുമായി അവർക്ക് വേണം. അതിനുള്ള രേഖകൾ വേണം.

ബോഡോ – മുസ്ലിം സംഘർഷങ്ങൾ നിരന്തരം റിപ്പോർട്ട് ചെയ്യുന്ന ആസാമിൽ നിന്നും രണ്ട് മത വിഭാഗങ്ങളിലെ ഈ കുഞ്ഞുങ്ങൾ വളർത്തു മാതാക്കളോടൊപ്പം ജീവിതം തുടരുമ്പോൾ അത് നല്കുന്ന സന്ദേശം വളരെ കൃത്യമാണ്. നമ്മുടെ മതങ്ങളും ദൈവവും എല്ലാം പ്രസവമുറിയിലെ ഒരു നേഴ്സ് വിചാരിച്ചാൽ മാറാവുന്നതെ ഉള്ളു. മനുഷ്യനും മാനുഷികതയ്ക്കും മുന്നിൽ മറ്റെല്ലാം അപ്രസക്തമാണ്.

*(കടപ്പാട് : സാമൂഹ്യമാധ്യമങ്ങൾ)*



## ഉബുന്ദു

ഒരിക്കൽ ആഫ്രിക്കയിൽ ഒരു മനുഷ്യൻ ഒരു പായ്ക്കറ്റ് മിഠായി മരച്ചുവട്ടിൽ വച്ചിട്ട് ഏതാനും കുട്ടികളോട് പറഞ്ഞു, 100 മീറ്റർ മാറി നിൽക്കുക. ഞാൻ വിസ്സിലടിക്കുമ്പോൾ ഓടിപ്പോയി ആ മരച്ചുവട്ടിലെ മിഠായിയുടെ അടുത്തെത്തുന്ന ആദ്യത്തെയാൾക്ക് അതു മുഴുവൻ തരാം. കുട്ടികളെന്തു ചെയ്തെന്നോ! അവർ പരസ്പരം കൈകൾ ചേർത്തുപ്പിടിച്ച് ഓടി എല്ലാവരും ഒരുമിച്ച് അവിടെത്തി, ഒരുമിച്ച് ആ മിഠായി വീതിച്ചെടുത്തു, തുല്യമായി! അദ്ദേഹത്തിനു അത്ഭുതമായി ഇതിനെക്കുറിച്ച് ചോദിക്കുമ്പോൾ അവർ പറഞ്ഞു. "ഉബുന്ദു. എന്നു വച്ചാൽ മറ്റുള്ളവർ സങ്കടത്തിലായിരിക്കുമ്പോൾ എനിക്കെങ്ങനെ സന്തോഷിക്കാൻ കഴിയും." അവരുടെ ഭാഷയിൽ ഉബുന്ദു എന്നാൽ 'നമ്മളാൽ ഞാനായിരിക്കുന്നു' (I AM BECAUSE WE ARE).

# കണ്ടെത്താമോ

| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| J | D | O | F | V | S | F | D | R | M | W | N | D |
| F | R | D | V | C | L | E | W | D | E | A | T | H |
| S | E | N | T | E | D | G | T | R | U | L | Y | W |
| Y | C | O | E | C | R | W | R | E | L | I | A | O |
| H | K | R | A | U | P | H | J | O | R | C | E | R |
| E | R | H | O | N | A | O | I | U | S | N | U | D |
| A | N | L | D | S | I | E | N | I | D | L | A | Y |
| R | S | I | B | L | S | V | D | E | O | G | R | L |
| S | Y | F | H | F | A | E | L | O | Y | I | E | U |
| E | N | E | G | F | D | R | D | L | S | M | H | D |
| D | V | S | U | B | E | L | I | E | V | E | S | T |
| O | H | C | S | O | D | V | D | T | H | T | V | R |

Very truly, I tell you, whoever hears my word and believes him who sent me has eternal life, and will not be judged, but has crossed over from death to life.
(Jn 5:24)

**അടിയിൽ വരച്ചിരിക്കുന്ന വാക്കുകൾ കണ്ടെത്താമോ?**

# പോക്കറ്റ് കീറാതിരിക്കാൻ


പോക്കറ്റ് കീറാതിരിക്കാൻ മൂന്നു വാക്കുകൾ

**പുതുവർഷത്തിൽ പോക്കറ്റ് കീറാതിരിക്കുവാൻ മൂന്നു വാക്കുകൾ**

ആവശ്യം, അത്യാവശ്യം, അനാവശ്യം എന്ന മൂന്നു വാക്കുകളെ വ്യക്തിജീവിതത്തിൽ തിരിച്ചറിയാൻ കഴിഞ്ഞാൽ പോക്കറ്റും ഒപ്പം ജീവിതവും രക്ഷപ്പെട്ടു.

- ബാങ്ക് മാനേജർമാർ പണ്ട് നിക്ഷേപം തേടിയാണിറങ്ങിയതെങ്കിൽ ഇപ്പോൾ വായ്പ വേണോ എന്ന് ആളെത്തേടുന്നു - എളുപ്പത്തിൽ വായ്പ എന്ന ബോർഡ് കണ്ട് കയറരുത്.
- കടം എന്നു ഏതു ഭാഷയിൽ സുഖിപ്പിച്ചെഴുതിയാലും അത് കെണിത്തന്നെയാണ്.
- വരവും ചെലവും ക്രമീകരിക്കാൻ ജീവിതശൈലിയിലെ മാറ്റംകൊണ്ടേ സാധിക്കൂ. ബാങ്ക് മാനേജറായിരിക്കുമ്പോഴും ലേഖനകർത്താവ് സ്കൂട്ടറിലാണ് യാത്ര ചെയ്തിരുന്നത്.
- ക്രെടിറ്റ് കാർഡുകളെ ദൂരെ നിർത്താം.
- ഷോപ്പിങ് മാളുകളും ബ്രാൻഡഡ് ഉത്പന്നങ്ങളും തരുന്ന പ്രലോഭനങ്ങളെ മറികടക്കാൻ മനസ്സിനെ പഠിപ്പിക്കുക.
- പെട്ടെന്നുള്ള ലാഭത്തിന്റെ പിന്നാലെ, റിയൽ എസ്റ്റേറ്റ് ഓടാതിരിക്കുക. ചെറിയ നിക്ഷേപങ്ങളും ചിട്ടിപോലുള്ള പഴയ സമ്പാദ്യശീലങ്ങളും വളർത്തിയെടുക്കുക.
- പണമുണ്ടാക്കാൻ മിടുക്കനായ മലയാളി തട്ടിപ്പിനും ഇരയാകുന്നുണ്ടെന്നും മനസ്സിലാക്കുക
- പഴ്സിൽനിന്ന് ഓരോ നോട്ടും വലിച്ചെടുക്കുംമുമ്പ് ആവശ്യം, അത്യാവശ്യം, അനാവശ്യം എന്ന ഈ മൂന്നു വാക്കുകളെ ഗൗരവമായി കാണുക.

(സാഹിത്യകാരനും സൗത്ത് ഇൻഡ്യൻ ബാങ്ക് മുൻ ചെയർമാനുമായ സേതുവാണ് ലേഖകൻ).

0000000000000000000

കർത്താവു വീടു പണിയുന്നില്ലെങ്കിൽ പണിക്കാരുടെ അധ്വാനം വ്യർഥമാണ്. അതിരാവിലെ എഴുന്നേൽക്കുന്നതും വളരെ വൈകി കിടക്കാൻ പോകുന്നതും കഠിന പ്രയത്നം ചെയ്ത് ഉപജീവിക്കുന്നതും വ്യർഥമാണ്. തൻെറ പ്രിയപ്പെട്ടവർ ഉറങ്ങുമ്പോൾ കർത്താവ് അവർക്കു വേണ്ടതു നൽകുന്നു (സങ്കീ. 127:1 –2).




ഹൃദയപരമാർഥതയാണ് അങ്ങ് ആഗ്രഹിക്കുന്നത്; ആകയാൽ, എൻെറ അന്തരംഗത്തിൽ ജ്ഞാനം പകരണമേ! ഹിസോപ്പുകൊണ്ട് എന്നെ പവിത്രീകരിക്കണമേ! ഞാൻ നിർമലനാകും; എന്നെ കഴുകണമേ! ഞാൻ മഞ്ഞിനെക്കാൾ വെൺമയുള്ളവനാകും. എന്നെ സന്തോഷഭരിതനാക്കണമേ! ... ദൈവമേ, നിർമലമായ ഹൃദയം എന്നിൽ സൃഷ്ടിക്കണമേ! അചഞ്ചലമായ ഒരു നവചൈതന്യം എന്നിൽ നിക്ഷേപിക്കണമേ! അങ്ങയുടെ സന്നിധിയിൽ നിന്ന് എന്നെ തള്ളിക്കളയരുതേ! അങ്ങയുടെ പരിശുദ്ധാത്മാവിനെ എന്നിൽ നിന്ന് എടുത്തുകളയരുതേ! (സങ്കീ. 51:6-11).



പഴയതെല്ലാം കടന്നുപോയി. "ഇതാ, സകലവും ഞാൻ നവീകരിക്കുന്നു" (വെളി. 21:4-5).



# നിറം കൊടുക്കാമോ?



1. Red 2. Dark Blue 3. Blue 4. Orange 5. Dark Green 6. Light Gray 7. Tan 8. Yellow 9. Brown 10. Dark Gray 11. Violet 12. Light Green 13. Sky Blue

## നോഹയുടെ പെട്ടകത്തെ നിറം പിടിപ്പിക്കാമോ

“മേഘങ്ങളിൽ മഴവില്ലു തെളിയുമ്പോൾ ഭൂമുഖത്തുള്ള എല്ലാ ജീവജാലങ്ങളുമായി ചെയ്ത എന്നേക്കുമുള്ള ഉടമ്പടി ഞാനോർക്കും.” ദൈവം നോഹയോട് അരുളിച്ചെയ്തു. (ഉൽപ. 9:16)


# വെട്ടം

ജീവിതം നമ്മുടെ കാഴ്ചപ്പാടിന്റെ ആകെത്തുകയാണ്... വിശ്വാസം ശരിയായ അർത്ഥത്തിൽ ഒരു കാഴ്ചപ്പാടല്ലേ... ഞാൻ എന്നെയും എന്റെ ചുറ്റുമുള്ളതിനെയും നോക്കിക്കാണുന്ന കാഴ്ചപ്പാട്...

"കണ്ണാണു ശരീരത്തിൻെറ വിളക്ക്. കണ്ണ് കുറ്റമറ്റതെങ്കിൽ ശരീരം മുഴുവൻപ്രകാശിക്കും. കണ്ണ് ദുഷ്ടമാണെങ്കിലോ ശരീരം മുഴുവൻ ഇരുണ്ടുപോകും. നിന്നിലെ പ്രകാശം അന്ധകാരമാണെങ്കിൽ അന്ധകാരം എത്രയോ വലുതായിരിക്കും" (മത്താ 6:22).



**ജീവിതത്തിലെ ഏറ്റവും ബുദ്ധിമുട്ടുള്ളതും ഏറ്റവും എളുപ്പമുള്ളതുമായതെന്താണ്?**



**ഉത്തരം തെറ്റുകൾ എന്നതാണ്. മറ്റുള്ളവർ ചെയ്യുമ്പോൾ എത്ര എളുപ്പം നാമത് കണ്ടെത്തുന്നു. എന്നാൽ നാമത് ചെയ്യുമ്പോൾ എത്ര ബുദ്ധിമുട്ടാണ് കണ്ടെത്താൻ...**

## കഴിഞ്ഞ ലക്കത്തിലെ വിജയികൾ


ബെന്നി മാത്യു,
ജിഷാ തോമസ്സ്,
സെറാഫിക്ക് സെമിനാരി.

**അക്ഷരങ്ങളിലെ കുസൃതി** (30–ാം പേജിൽ)

ഉത്തരമയക്കേണ്ട വിലാസം :

Capuchin Provincialate
P.B. No 5, S.H. Mount P.O.,
Kottayam - 686 006

# അങ്ങനെ നാലാമനുമായി...




**ഇവൻ മറ്റു മൂന്നുപേരുടെ
യും സങ്കരമാണ്...
ആരേയും കാണില്ല,
ആരോടും മിണ്ടില്ല,
ആരെയും കേൾക്കില്ല...**

# തിരുപ്പിറവിയുടെ വഴി
## ക്രിസ്തുമസ്സ് ധ്യാന പ്രാർത്ഥനകൾ












കൂടുതൽ കോപ്പികൾക്ക് :
അമല കപ്പൂച്ചിൻ ആശ്രമം,
തോപ്രാംകുടി, ഇടുക്കി.
or email –
jvcapuchin@gmail.com


GOD'S LOVE FOR THE
LOST
രക്ഷയുടെ സദ്വാർത്തയായി മണ്ണിലവതരിച്ച ദൈവപുത്രാ, ഞങ്ങളങ്ങയെ
കുമ്പിട്ടാരാധിക്കുന്നു. എന്തെന്നാൽ അങ്ങേ തിരുപിറവിയാൽ
മാനവകുലത്തെയും ഈ പ്രപഞ്ചത്തെയും അങ്ങു വിശുദ്ധീകരിക്കുകയും
നവീകരിക്കുകയും പൂർണ്ണമാക്കുകയും ചെയ്ത് ദൈവപിതാവിനോട്
മക്കളായി ഞങ്ങളെ ഒന്നിപ്പിച്ചുവല്ലോ.